www.prepp.in

Prepp
Your Personal Exams Guide



M–ESC–CU–MLY

# മലയാളം / MALAYALAM

## (നിർബന്ധിതം) / ( COMPULSORY )

സമയം : **മൂന്ന്** മണിക്കൂർ

Time Allowed : **Three** Hours

പരമാവധി മാർക്ക് : **300**

Maximum Marks : **300**

---

### ചോദ്യപേപ്പർ പ്രത്യേക നിർദ്ദേശങ്ങൾ

***ചോദ്യങ്ങൾക്കു് ഉത്തരമെഴുതുന്നതിനുമുമ്പായി താഴെ കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക :***

*എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.*

*ഓരോ ചോദ്യത്തിനുമുള്ള മാർക്കുകൾ അതാതു് ചോദ്യത്തിനെതിരെ കൊടുത്തിട്ടുണ്ടു്.*

*ചോദ്യത്തിൽ നിർദ്ദേശിച്ചിട്ടില്ലെങ്കിൽ എല്ലാ ചോദ്യങ്ങൾക്കുമുള്ള ഉത്തരം* ***മലയാളത്തിൽ*** *(മലയാളം ലിപിയിൽ) തന്നെ എഴുതണം.*

*ചോദ്യങ്ങൾക്കുള്ള ഉത്തരത്തിനു നിശ്ചയിച്ചിട്ടുള്ള വാക്കുകളുടെ എണ്ണം പാലിക്കണം. നിശ്ചയിച്ചിട്ടുള്ള എണ്ണത്തിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു കുറയ്ക്കുന്നതായിരിക്കും.*

*ചോദ്യവും ഉത്തരവുമടങ്ങുന്ന ബുക്കു്ലെറ്റിൽ ഏതെങ്കിലും പേജോ ഭാഗമോ വിടുകയാണെങ്കിൽ അവ വ്യക്തമായി വെട്ടിക്കളഞ്ഞിരിക്കണം.*

### QUESTION PAPER SPECIFIC INSTRUCTIONS

***Please read each of the following instructions carefully before attempting questions :***

*All questions are to be attempted.*

*The number of marks carried by a question is indicated against it.*

*Answers must be written in* ***MALAYALAM*** *unless otherwise directed in the question.*

*Word limit in questions, wherever specified, should be adhered to and if answered in much longer or shorter than the prescribed length, marks will be deducted.*

*Any page or portion of the page left blank in the Question-cum-Answer Booklet must be clearly struck off.*

---

prepp Your Personal Exam Guide

www.prepp.in
Prepp
Your Personal Exams Guide

**Q1.** **താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് 600 വാക്കുകളിൽ കവിയാതെ ഉപന്യസിക്കുക :** *100*

(a) സംസ്കാരം എന്തുകൊണ്ടു മഹത്വപൂർണ്ണമാണ് ?

(b) 'സ്മാർട്ട് സിറ്റി'കളും 'സ്മാർട്ട്'ല്ലാത്ത ജനതയും

(c) ജുഡിഷ്യൽ സക്രിയതയും ജുഡിഷ്യൽ അതിരുവിടലും

(d) സ്ക്കൂൾക്കുട്ടികളിൽ നമ്മുടെ പൈതൃകത്തെക്കുറിച്ച് ബഹുമാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകത

**Q2.** **താഴെ കൊടുത്തിട്ടുള്ള ഗദ്യഭാഗം ശ്രദ്ധയോടെ വായിച്ച് തുടർന്നു കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്കു് വ്യക്തവും സംക്ഷിപ്തവുമായ ഉത്തരമെഴുതുക :** *12×5=60*

സ്ത്രീകൾ ആകാശത്തിന്റെ പകുതി കയ്യിലാക്കുന്നു എന്നു പറയാറുണ്ട്. എന്നാൽ ഒരു കാര്യം തീർത്തുപറയാനാവും, പകുതിയിലേറെയും അവരുടെ കൈകളിലാണെന്നു്. എന്നാൽ എല്ലാ രാജ്യങ്ങളിലും ചരിത്രത്തിന്റെ എല്ലാ കാലഘട്ടങ്ങളിലും, എല്ലാ സംസ്ക്കാരങ്ങളിലും എല്ലാ കീഴ്‌വഴക്കങ്ങളിലും, എല്ലാ മതവിഭാഗങ്ങളിലും എല്ലാ ജാതി, വർഗ്ഗം, വിഭാഗം, എന്നിവകളിലും സ്ത്രീകൾക്കു് വളരെയൊന്നും പരിഗണന ലഭിക്കുന്നില്ല. പുരുഷന്മാർക്ക് കാര്യമായ പരിഗണന കിട്ടുന്നുമുണ്ടു്. ആഹാരത്തിന്റെ കാര്യത്തിലും ജോലിയുടെയും വിദ്യാഭ്യാസത്തിന്റെയും ആരോഗ്യപരിപാലനത്തിന്റെയും നാടിന്റെ വികസന കാര്യങ്ങളിൽ പങ്കാളിത്തം ലഭിക്കുന്ന കാര്യത്തിലും നയിക്കാനും ചിന്തിക്കാനും തന്നെക്കുറിച്ചുതന്നെ സ്വപ്നം കാണാനും സ്വപ്നം പ്രായോഗികമാക്കാനുമുള്ള പ്രവർത്തനങ്ങളിലും അവരെ അവഗണിക്കുകയാണ് ഉണ്ടായതു്. ശതസഹസ്രം വർഷങ്ങളായി, സത്യത്തിൽ ലോകത്തെ ഏറ്റവും വലിയ 'ന്യൂനപക്ഷ'മായി അവർ പിരിഗണിക്കപ്പെടുന്നു.

പിതൃദായക ക്രമമാണ് സ്ത്രീകളെ ഇങ്ങനെ ആക്കിത്തീർത്തതു്. അവിടെ പുരുഷന്മാരുടെ ലക്ഷ്യം സാധിച്ചെടുക്കാനുള്ള 'എജന്റു'മാർ

www.prepp.in

Prepp
Your Personal Exams Guide

മാത്രമായി അവർ. അവരെ ഒരു മുഴുത്ത വ്യക്തിയായി ഗണിക്കാറില്ല. അഭിമാനവും സ്വയം കാര്യങ്ങൾ നിശ്ചയിക്കാൻ കഴിവും അധികാരത്തിലും മറ്റു കാര്യങ്ങളിലും തുല്യപങ്കാളിത്തവും തുല്യനീതിയും ഉള്ളവരാണെന്നു കരുതാറില്ല. നേരേമറിച്ചു് അവരെ പുരുഷന്റെ കാര്യങ്ങൾ നോക്കാനും പെറ്റുകൂട്ടാനും, കുട്ടികളെപ്പോറ്റാനും, ഭോഗ തർപ്പണത്തിനും കുടുംബത്തിന്റെ ഐശ്വര്യം കാത്തുരക്ഷിക്കുന്ന ഏജന്റാകാനും ഉള്ള ഉപകരണം എന്ന നിലയിലേ പരിഗണിക്കാറുള്ളു. അവരുടെ സാംസ്കാരികമായ അംഗീകാരം പുരുഷന്റെ ഉപവിഭാഗമായ മകൾ, ഭാര്യ, അമ്മ എന്നീ നിലകളിൽ മാത്രമാണു്. അല്ലെങ്കിൽ ഒഴിവാക്കപ്പെടാൻ കഴിയുന്നവരോ താണുപോകുന്നവരോ ആയിത്തീരും. പുരുഷന്റെ സംരക്ഷണമോ പരിരക്ഷയോ കൂടാതെ ഒരു സ്ത്രീ, വിവാഹപ്രായമെത്തിയിട്ടും വിവാഹം ചെയ്യാതെ നില്ക്കുന്നവളോ, വിധവയായോ ഭർത്താവു് ഉപേക്ഷിച്ചവളായോ, ഭർത്താവിൽ നിന്നു് അകന്നു കഴിയുന്നവളോ ആയി നിന്നാൽ അവളെ സമൂഹം അവജ്ഞയോടെ നോക്കിക്കാണും. ഇതുകൂടാതെ ഒരു സ്ത്രീക്ക് സ്വന്തം ഭർത്താവിനെ അപകടത്തിലോ രോഗം ബാധിച്ചോ നഷ്ടപ്പെട്ടു് ഒറ്റയ്ക്കു ജീവിക്കുന്നവളായിക്കാണാനും സമൂഹം ഇഷ്ടപ്പെടുന്നില്ല. പുരുഷന്റെ നിഴലായിത്തീരാതെ ഒറ്റയ്ക്കു ജീവിക്കാൻ ധൈര്യപ്പെടുന്ന സ്ത്രീകളെ ദേഷ്യത്തോടെയാണു് പുരുഷന്മാർ വീക്ഷിക്കുന്നതു്.

മിക്ക വികസ്വര രാജ്യങ്ങളിലും ആഹാരവസ്തുക്കളുടെ 60 – 80 ശതമാനം ഉല്പാദിപ്പിക്കുന്നതു് സ്ത്രീകളാണു്. ലോകത്തിന്റെ ആഹാര സാധനങ്ങളിൽ പകുതിയും അവരാണു് ഉല്പാദിപ്പിക്കുന്നതു്. മിക്കപ്പോഴും അവരാണു് കുടുംബത്തിലേക്കുള്ള ആഹാരം സമ്പാദിക്കുന്നതു്. എന്നിട്ടും ഇന്ത്യയിൽ സാമൂഹികവും സാംസ്കാരികവുമായ നിലയിൽ സ്ത്രീകളെ പിറകിലായാണു് പരിഗണിക്കുന്നതു്. സ്ത്രീകൾ കുറച്ചു കഴിക്കണമെന്നു മാത്രമല്ല ഏറ്റവും ഒടുവിലേ കഴിക്കാൻ അനുവാദമുള്ളു. അവർ ആഹാരത്തിന്റെ കാര്യത്തിലും സുരക്ഷിതരല്ല. ആഹാരസാധനങ്ങൾ പരിമിതമായ ഭവനങ്ങളിൽ അവർക്ക് പലപ്പോഴും പട്ടിണി കിടക്കേണ്ടി വരുന്നു. പോഷകാഹാരങ്ങളുടെ കുറവു്

www.prepp.in

Prepp
Your Personal Exams Guide

അവരെ ബാധിക്കുന്നു. അതിന്റെ പ്രധാന കാരണം കുടുംബത്തിലെ ആഹാരം വേണ്ട രീതിയിൽ പങ്കുവയ്ക്കാത്തതുകൊണ്ടാണ്. ഒറ്റയ്ക്കു കഴിയേണ്ടിവരുന്ന സ്ത്രീകളുടെ കാര്യം ഏറെ കഷ്ടമാണ്. അവർ സ്വാതന്ത്ര്യത്തോടെ ജീവിക്കുമെങ്കിൽ നിരവധി പ്രശ്നങ്ങൾ അവരെ കാത്തിരിക്കുന്നു.

പുരുഷനെക്കാൾ എണ്ണത്തിൽ കുറവായ സ്ത്രീകളും ആൺകുട്ടികളെക്കാൾ കുറവായ പെൺകുട്ടികളുമുള്ള ചുരുക്കം രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. കഴിഞ്ഞ കുറെ നൂറ്റാണ്ടുകളായി അവരുടെ എണ്ണത്തിൽ ക്രമികമായ കുറവ് ഉണ്ടാകുന്നു. 2001-ലെ സെൻസസ് പ്രകാരം 1000 പുരുഷന്മാർക്കു 933 സ്ത്രീകളാണ് ഉണ്ടായിരുന്നത്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും തുല്യമായ നിലയിൽ ജീവിത സാഹചര്യങ്ങളും ആരോഗ്യപാലനവും പുരുഷന്മാർക്കും ആൺകുട്ടികൾക്കും നല്കുന്ന അളവിൽ നല്കിയാൽ ഇവരുടെ സംഖ്യ ഏതാണ്ട് തുല്യമായി നില്ക്കേണ്ടതാണ്. അതിനു പകരമായി മൂന്നരക്കോടി സ്ത്രീകളുടെയും പെൺകുട്ടികളുടെയും എണ്ണത്തിലാണ് കുറവു സംഭവിച്ചിരിക്കുന്നത്. ലിംഗപരമായ അനുപാതം അല്പമാത്രമായേ വർദ്ധിച്ചിട്ടുള്ളു. സ്ത്രീകൾ 940 എന്ന സംഖ്യയിൽ മാത്രമാണ് എത്തിയത്. സമീപകാലത്തെ കുട്ടികളിൽ സംഭവിച്ച കുറവ് അല്ലെങ്കിൽ ജനിച്ച് ആറു വയസ്സുവരെയുള്ള ആൺകുട്ടികളും പെൺകുട്ടികളും തമ്മിലുള്ള വ്യത്യാസം മറ്റു ചില പ്രധാന കാരണങ്ങളിലേക്കു വിരൽ ചൂണ്ടുന്നു. ഈ സംഖ്യ ചരിത്രത്തിലെ ഏറ്റവും താണ 927 എന്ന സംഖ്യയിൽ 2001-ൽ ചെന്നെത്തി. അതു വീണ്ടും 2011-ൽ 914 ആയി. ഈ സംഖ്യകളിൽ നിന്നു് നാം എന്താണ് മനസ്സിലാക്കേണ്ടത്. ഒട്ടും സംശയം വേണ്ട, സാമൂഹികവും സാംസ്ക്കാരികവും വളർന്നുവരുന്ന സാങ്കേതികതയും അനുവർത്തിക്കുന്ന അവഗണനയാണ് അവരെ അവഗണിക്കാനും വളരെ മില്യൻ ജീവിതങ്ങളെ നഷ്ടപ്പെടുത്താനും കാരണമായിത്തീർന്നത്. വേറെ നിരവധി മാർഗ്ഗങ്ങളിലൂടെ മില്യൻ കണക്കിനു് പെൺകുട്ടികളെയും സ്ത്രീകളെയും ഇന്ത്യൻ സമൂഹം തുടർച്ചയായി കൊല്ലുന്നുണ്ട്.

www.prepp.in

**ചോദ്യങ്ങൾ :**

(a) പെൺകുട്ടികളുടെയും സ്ത്രീകളുടെയും സെൻസസ് കണക്കുകൾ (കനേഷുമാരി കണക്കുകൾ) എന്തു് സന്ദേശമാണു് നമുക്കു നല്കുന്നതു് ? *12*

(b) സ്ത്രീകളെ സംബന്ധിക്കുന്ന കാര്യത്തിൽ അവരുടെ സ്ഥിതി കണക്കിലെടുക്കുമ്പോൾ ഭക്ഷണ കാര്യത്തിൽപോലും നിലനിൽക്കുന്ന അനനുകൂലിതാവസ്ഥയെക്കുറിച്ച് പ്രതിപാദിക്കുക *12*

(c) ആകാശത്തിന്റെ പകുതിയിലധികവും കൈവശപ്പെടുത്തിയിരിക്കുന്നുവെന്ന് ഗ്രന്ഥകർത്താവ് പറഞ്ഞിരിക്കുന്നതിന്റെ പൊരുളെന്താണു് ? *12*

(d) പിതൃദായക ക്രമ വ്യവസ്ഥയിൽ സ്ത്രീ വെറും ഒരുപകരണമായിത്തീരുന്നതു് എങ്ങനെ ? *12*

(e) ഗ്രന്ഥകാരന്റെ അഭിപ്രായത്തിൽ സമൂഹം ഒറ്റയ്ക്കു കഴിയുന്ന സ്ത്രീകളെ എങ്ങനെയാണു് വൃത്തികേടായി കാണുന്നതു് ? *12*

**Q3. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മൂന്നിലൊന്നായി സംക്ഷേപിക്കുക. തലക്കെട്ടു നൽകേണ്ടതില്ല. [വാക്കുകൾ അനുവദിച്ചതിനേക്കാൾ കൂടുകയോ കുറയുകയോ ചെയ്താൽ മാർക്കു കുറയും]** *60*

മറ്റുള്ളവരിൽ വിശ്വസ്തതയുണ്ടാക്കാനുള്ള കഴിവ് ഏറ്റവും പ്രശംസനീയമായ സ്വഭാവമാണെന്നു് നിങ്ങളേവരും സമ്മതിക്കും — കുടുംബത്തിനോടുള്ള കൂറു്, കൂട്ടുകാരോടുള്ള വിശ്വസ്തത, ദേശത്തിനോടുള്ള കൂറു്, വാസ്തവത്തിൽ വ്യക്തികളോടും സംഘങ്ങളോടുമുള്ള നമുക്കുള്ള കൂറിനുള്ള കാരണവും നമുക്കറിയാവുന്നതാണു്. "കൂറു്" എന്നു നമ്മൾ ഇവിടെ ഉദ്ദേശിക്കുന്നതു് എന്തെന്നാൽ സഹായിക്കാനുള്ള സന്നദ്ധതയാണു്. അതും ഒരു വിഷമഘട്ടത്തിലോ ആപൽക്കരസ്ഥിതിയിലോ അകപ്പെട്ടാൽ, നിരന്തരമായി എക്കാലവും അവരുടെ ഐശ്വര്യത്തിനുവേണ്ടി പ്രവർത്തിക്കുക.

Prepp
Your Personal Exams Guide

ഏതു ഘട്ടത്തിലാണു് ഒരുവൻ കൂറില്ലാത്തവനാകുന്നതു് — അവന്റെ വയസ്സായ മാതാപിതാക്കളെ സംരക്ഷിക്കാതെ ഉപേക്ഷ വിചാരിക്കുമ്പോഴോ പട്ടാളത്തിലായിരിക്കുമ്പോൾ അവന്റെ രാജ്യത്തിനെതിരെ തിരിഞ്ഞു യുദ്ധം ചെയ്യുമ്പോഴോ അവന്റെ സ്വന്തം ജനങ്ങളെ കൊന്നൊടുക്കുമ്പോഴോ ആണു്. അത്തരത്തിലുള്ള ആളുകളെ നമ്മൾ ഒരിക്കലും വച്ചുപോറുപ്പിക്കില്ല.

ഏതൊരു സന്ദർഭത്തിലാണു് ഒരുവൻ ഇത്തരത്തിൽ കൂറില്ലാത്ത പ്രവൃത്തി ചെയ്യുന്നതെന്നു് തീരുമാനിക്കാൻതന്നെ ബുദ്ധിമുട്ടാണു്. ഒരു ബുദ്ധിയുള്ള കുട്ടി ഒരുപക്ഷെ അവന്റെ മാതാപിതാക്കൾ പഠിക്കുന്നതിനു് നിരുത്സാഹപ്പെടുത്തുന്നതിനെതിരെ തിരിഞ്ഞെന്നു വരാം, അവരുടെ സാമ്പത്തിക ബാധ്യതകളിൽനിന്നു് കരകയറ്റാൻ. ഒരുപക്ഷെ, അവൻ അവന്റെ പഠിത്തം തുടർന്നുപോയാൽ ഭാവിയിൽ അവന്റെ കഴിവുകൾ മുരടിച്ചു പോകാതെ സംരക്ഷിക്കാൻ പറ്റിയെന്നു വരാം. അവന്റെ മാതാപിതാക്കൾക്കു നല്ല സാമ്പത്തിക ഭദ്രത നേടിക്കൊടുക്കാൻ കഴിഞ്ഞെന്നു വരാം.

ഒരു ആൺകുട്ടിയോ പെൺകുട്ടിയോ അത്തരത്തിൽ ഒരു ഉറച്ച തീരുമാനത്തിൽ നിന്നാൽ ഭാവനാശൂന്യരായ വ്യക്തികൾ ഒരുപക്ഷെ അത്തരത്തിലുള്ള കുട്ടികളെ അപഹസിച്ചെന്നു വരാം. പക്ഷെ, അത്തരത്തിലുള്ള ഭാവനാസമ്പന്നരും സൂക്ഷ്മബോധവുമുള്ള കുട്ടികൾക്കു സഹായമാണു് വേണ്ടതു്, വ്യാഖ്യാനമല്ല. ഒരുപക്ഷെ, മറ്റു ചില സന്ദർഭങ്ങളിൽ വെറും പട്ടിണിപ്പാവങ്ങളായ മാതാപിതാക്കൾക്കു മകൻ പുറത്തു ജോലിക്കു പോകുകയാണെങ്കിൽ അവൻ അവരോടു കാണിക്കുന്ന കൂറില്ലാത്ത പ്രവൃത്തിയാണു് — കാരണം അവന്റെ സഹായം അവർക്കു അത്യന്താപേക്ഷിതമാണു് — ഒരുപക്ഷെ, ഭാവിയിൽ അവൻ ജീവിതത്തിൽ വിജയിക്കുമെങ്കിലും ഒരു കുറ്റബോധം അവനിൽ ജീവിതകാലം മുഴവനും നിലനിൽക്കും — അവൻ അവരോടു കാണിച്ച നെറികേട്.

ഇതിനെക്കാൾ വിഷമമേറിയ മറ്റൊരു സ്ഥിതിയാണു് ഒരുവനു് അവന്റെ രാജ്യത്തിലെ സർക്കാരിനോടുള്ള ബന്ധം. ഒരുപക്ഷെ, ആത്മാർത്ഥമായ ഒരു സംഘം അവരുടെ രാജ്യത്തിനെ അതിയായി സ്നേഹിക്കുന്നതുകൊണ്ടും രാജ്യത്തിലെ ജനങ്ങളുടെ അഭിവൃദ്ധിയും

www.prepp.in

Prepp
Your Personal Exams Guide

പുരോഗതിയും ആഗ്രഹിക്കുന്നതുകൊണ്ടും സർക്കാരിനെതിരെ വിപ്ലവാത്മകമായ രീതിയിൽ പടക്കോപ്പുകളും യുദ്ധസാമഗ്രികൾകൊണ്ടും പോരിനിറങ്ങിയെന്നു വരാം. കാരണം, അവരുടെ വിശ്വാസത്തിൽ സർക്കാർ രാജ്യത്തിനു ഒട്ടും നല്ലതല്ലെന്നും അതിനെ തകിടം മറിക്കേണ്ടതു് അത്യാവശ്യമാണെന്നു് വിശ്വസിക്കാം. ഉടനടി സർക്കാർ അവരെ "വിപ്ലവകാരികളെ"ന്നും "രാജ്യദ്രോഹികളെ"ന്നും മുദ്രകുത്തും. ഒരുപക്ഷെ, ആദ്യത്തെ വാക്കു് പരിപൂർണ്ണം ശരിയാണെങ്കിലും രണ്ടാമത്തെ വാക്കു് ഒട്ടും ശരിയല്ല. കാരണം, അവർ അവരുടെ സഹവാസികളോടു് പരിപൂർണ്ണമായി കൂറുള്ളവരാണു് — രാജ്യത്തിനെക്കാൾ.

ദുർഭാഗ്യമെന്നു പറയട്ടെ, അത്തരത്തിലുള്ള ലഹള രാജ്യത്തിനോടുള്ള കൂറില്ലാത്തതുകൊണ്ടാണോ അവർക്കു തദ്ദേശവാസികളോടുള്ള സ്വാർത്ഥതാൽപ്പര്യം കൊണ്ടാണോയെന്നു് ഇത്തരം സന്ദർഭത്തിൽ പറയാൻ പറ്റില്ല. അതിനുള്ള മറുപടി അവർ വിജയിച്ചതിനു ശേഷമാണു് — അപ്പോൾ വിപ്ലവകാരികൾ വിജയിച്ചിട്ടു പുത്തൻ സർക്കാർ സ്ഥാപിക്കുമ്പോൾ രാജ്യത്തിലുള്ള മൊത്തം പൗരന്മാരും അവരുടെ ശത്രുക്കളായിരുന്നോ ? അവരുടെ രാഷ്ട്രീയ പ്രതിരോധികൾ ഉൾപ്പെടെ, ഏവർക്കും ചില അവകാശങ്ങളുണ്ടെന്നും, ഏവർക്കും സ്വതന്ത്രമായി ഭാഷണം നടത്താനുള്ള അവകാശമുണ്ടെന്നും അവർ സമ്മതിക്കുമോ ? പൊതുജനങ്ങളുടെ പിൻതുണയോടുകൂടി അവർക്കു വിജയം അനിവാര്യമാണോ ? അഥവാ അവരുടെ രാഷ്ട്രീയ പ്രതിരോധികളെ സമൂലനം ചെയ്യാൻ അധികാരം ഉപയോഗിക്കുകയാണോ ? ആദ്യം സൂചിപ്പിച്ചതുപോലെ അവർ ചെയ്യുകയാണെങ്കിൽ അവരുടെ രാജ്യത്തിനോടു കൂറുള്ളവരാണവർ. അല്ലാതെ അവരുടെ പക്ഷത്തിന്റെ വിജയത്തിനു മാത്രം പ്രവർത്തിക്കുന്നവരല്ലവർ. പക്ഷെ, രണ്ടാമതു പറഞ്ഞതു പ്രകാരം പ്രവർത്തിക്കുന്നവരാണെങ്കിൽ അവർ രാജ്യത്തിനോടു കടപ്പെട്ടവരാണു്. അവർ നിഷ്കാസരാക്കിയ സർക്കാരിനോടല്ല. പക്ഷെ, കാലം കടന്നുപോയിട്ടുണ്ടാവും നമ്മൾക്കു വ്യക്തമായ അറിവുണ്ടാകുമ്പോൾ.

*[323 വാക്കുകൾ]*

www.prepp.in

Prepp
Your Personal Exams Guide

**Q4. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം ഇംഗ്ലീഷിലേക്കു് വിവർത്തനം ചെയ്യുക :** *20*

ഒരു അമീർ ഒരിക്കൽ അദ്ദേഹത്തിന്റെ കപ്പലിൽ ജലയാത്ര നടത്തുകയായിരുന്നു. അപ്പോൾ അയാൾക്കു് ഒരു കൊടുങ്കാറ്റിനെ നേരിടേണ്ടിവന്നു. അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഒരടിമ വാവിട്ടു കരയാനും ഭയംകൊണ്ടു് നിലവിളിക്കാനും തുടങ്ങി. അയാൾ കടലിലൂടെ യാത്രചെയ്യുന്നതു് ആദ്യമായിട്ടായിരുന്നു. ഇതു കുറെ നേരം തുടർന്നു. ആർക്കും അയാളുടെ കരച്ചിൽ നിർത്താനായില്ല. അമീർ കോപത്തോടെ ഇങ്ങനെ ചോദിച്ചു, "ഈ വൃത്തികെട്ട ജന്തുവിനെ ഒരാൾക്കും നിശ്ശബ്ദനാക്കാനാവില്ലേ ? "

യാത്രക്കാരിൽ ഒരു തത്വചിന്തകൻ ഉണ്ടായിരുന്നു. അയാൾ പറഞ്ഞു, "എനിക്കു ഇയാളെ നിശ്ശബ്ദനാക്കാൻ കഴിയും സാർ, ദയവുചെയ്തു് അയാളെ പൂർണ്ണമായും നിശ്ശബ്ദനാക്കാനുള്ള അധികാരം എനിക്കു തരുക." അമീർ പറഞ്ഞു, "നിങ്ങൾ ചെയ്തുകൊള്ളുക. അതിനു് താങ്കൾക്കു എന്റെ അനുവാദമുണ്ടു്."

തത്വചിന്തകൻ വേറെ ചില യാത്രക്കാരെ വിളിച്ചുവരുത്തി അവരോടു് ഇങ്ങനെ ആവശ്യപ്പെട്ടു. "നിങ്ങൾ ഈ അടിമയെ സമുദ്രത്തിലേക്കു് എറിയുക." അവർ അങ്ങനെ ചെയ്തു. വളരെ നിരാശയോടെ ഭയംകൊണ്ടു പുളഞ്ഞ അയാൾ തന്റെ കൈകാലുകൾകൊണ്ടു് അതിനെ നേരിട്ടു. അല്പസമയത്തിനുള്ളിൽ അയാളെ വീണ്ടും കപ്പലിലേക്കു കയറ്റാൻ ആവശ്യപ്പെട്ടു. കപ്പലിൽ മടങ്ങിയെത്തിയപ്പോൾ അയാൾ ഭയംകൊണ്ടും ക്ഷീണം കൊണ്ടും തളർന്നുപോയി. അയാൾ പൂർണ്ണമായും നിശ്ശബ്ദനായി. അമീർ അടിമയുടെ പെട്ടെന്നുള്ള മാറ്റത്തിൽ അത്ഭുതപ്പെട്ടു. തത്വചിന്തകനോടു് വിശദീകരണം ആവശ്യപ്പെട്ടു. തത്വചിന്തകൻ ഇങ്ങനെ പറഞ്ഞു. "നമ്മൾ കൂടുതൽ അപകടകരമായ ഒരു പ്രശ്നത്തിൽ എത്തുംവരെ നാം ഇപ്പോഴനുഭവിക്കുന്ന സുരക്ഷിതാവസ്ഥയെക്കുറിച്ചു് ആലോചിക്കാറില്ല."

www.prepp.in

Prepp
Your Personal Exams Guide

**Q5.** താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം മലയാളത്തിലേക്കു് വിവർത്തനം ചെയ്യുക : *20*

Man has always been fascinated by dreams. He has always tried to find explanations for his dreams. Perhaps dreams tell us about the future or the past, perhaps they tell us about our deepest fears and hopes. I don't know. Today, I want to give you a completely different explanation. But before I do so, I must give you one or two facts about dreams. First of all, everybody dreams. You often hear people say, 'I never dream,' when they mean, 'I can never remember my dreams.' When we dream, our eyes move rapidly in our sleep as if we were watching a moving picture, following it with our eyes. This movement is called 'REM', that is Rapid Eye Movement. REM sleep is the sleep that matters. Experiments have proved that if we wake people up throughout the night during REM, they will feel exhausted the next day. But they won't feel tired at all if we wake them up at times when they are not dreaming. So the lesson is clear : it is dreaming that really refreshes us, not just sleep. We always dream more if we have had to do without sleep for any length of time.

If that is the case, how can we explain it ? I think the best parallel I can draw is with computers. After all, a computer is a very primitive sort of brain. To make a computer work, we give it a program. When it is working, we can say it is 'awake'. If ever we want to change the program, that is to change the information we put into the computer, what do we do ? Well, we have to stop the computer and put in a new program or change the old program.

www.prepp.in
Prepp Your Personal Exams Guide

**Q6. താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്കു് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക :**

**(a) തന്നിരിക്കുന്ന വാക്യങ്ങളിൽ തെറ്റുണ്ടെങ്കിൽ ശരിയാക്കി എഴുതുക :** *2×5=10*

(i) ആത്മീയതയുടെ പുതി പാന്ഥാവു് തുറന്ന ആളായിരുന്നു ശങ്കരാചാര്യർ. 2

(ii) മനുഷ്യരാശിക്കു് നാശം വിതയ്ക്കുന്ന ഒന്നായിരുന്നു യുദ്ധവും മാരകരോഗങ്ങളും. 2

(iii) പ്രത്യക്ഷത്തിൽ ആളുകളിലെ ക്രൂരത നമുക്കു കൺമുമ്പിൽ കാണാനാകും. 2

(iv) അച്ഛനും അമ്മയും പോവുകയും ചെയ്തു. 2

(v) അശരണരായ ആൾക്കാരെ പാർപ്പിക്കാൻ വൃദ്ധസദനങ്ങൾ പണിതു. 2

**(b) താഴെക്കൊടുത്തിട്ടുള്ള പദങ്ങളുടെ അർത്ഥം വ്യക്തമാക്കുന്നവിധത്തിൽ വാക്യത്തിൽ പ്രയോഗിക്കുക :** *2×5=10*

(i) തലനാരിഴയ്ക്കു് 2

(ii) തലമറന്നു് എണ്ണ തേയ്ക്കുക 2

(iii) ധനാശി പാടുക 2

(iv) ചക്രശ്വാസം വലിക്കുക 2

(v) എറാൻ മൂളുക 2

**(c) താഴെ കൊടുത്തിരിക്കുന്ന പദങ്ങളെ സന്ധിപിരിച്ചെഴുതുക :** *2×5=10*

(i) ഋഗ്വേദം 2

(ii) പ്രത്യുപകാരം 2

(iii) നിരാലംബൻ 2

(iv) വിവിധോദ്ദേശ്യം 2

(v) നിഷ്ക്കാമം 2

Prepp
Your Personal Exams Guide

(d) താഴെ കൊടുത്തിരിക്കുന്ന പദങ്ങളിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : *2×5=10*

(i) അസ്ഥിത്വം *2*

(ii) പ്രസ്ഥാനത്രയം *2*

(iii) വിശ്വാസ്യപ്രമാണം *2*

(iv) മാന്ത്രീകത *2*

(v) പശ്ച്ചാത്താപം *2*

www.prepp.in